ഉത്തരം

(എ, ബി സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന്റെ അനുപാതം

35 [1506] ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് പി. എസ്. സി. നിയമനം നടത്തുമ്പോൾ താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന്റെ അനുപാതം 5%-ത്തിൽ നിന്നും 10% ആയി ഉയർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) നേരിട്ടുള്ള നിയമനം കുറയുന്നതായും തസ്തികമാറ്റം വഴിയുള്ള നിയമനം കാത്തുകഴിയുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന്റെ അനുപാതം 5%-ത്തിൽ നിന്നും ഉയർത്തുവാനുള്ള നിയമതടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൽക്കാലം പരിഗണനയിലില്ല.

(ബി) ഇല്ല.

(സി) ഇക്കാര്യം നയപരമായി തീരുമാനമെടുക്കേണ്ട വിഷയമാണ്.

എച്ച്. എസ്. ടീച്ചർമാരിലെ എം.എഡ്./എം.ഫിൽ. ബിരുദക്കാർ

36 [1507] ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കണ്ടറി ടീച്ചർ (കണക്ക്) തസ്തികയ്ക്ക് പി. എസ്. സി. പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ എത്ര എം.എഡ്. ബിരുദധാരികളും എം. ഫിൽ. ബിരുദധാരികളും ഉണ്ട്;

(ബി) ഇവരെല്ലാം സെറ്റ് പരീക്ഷായോഗ്യതകൂടി നേടിയവരാണോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്താൻ ആവശ്യമായവർക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ ലഭിച്ചിട്ടും സെറ്റ് പരീക്ഷായോഗ്യത നേടിയിട്ടില്ല എന്ന കാരണത്താൽ എം.എഡ്. ബിരുദധാരികളേയും എം.ഫിൽ. ബിരുദധാരികളേയും ചുരുക്കപ്പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിജ്ഞാപനപ്രകാരം ഇവർക്ക് സെറ്റ് പരീക്ഷാ യോഗ്യത ആവശ്യമില്ലാത്തതിനാൽ ഇവരെക്കൂടി ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തുമോ?

ഉത്തരം

(എ മുതൽ ഡി-വരെ) ബന്ധപ്പെട്ട തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ നടന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ വിശദാംശങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതിനാൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവാഹമില്ലാ എന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

[(1508-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഹെൽപ്പർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

37 [1509] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഹെൽപ്പർ തസ്തികയിൽ നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ;

(ബി) നിലവിലുള്ള ലിസ്റ്റിൽനിന്ന് ആകെ എത്ര പേരെ നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ലിസ്റ്റിന്റെ കാലാവധി എന്നു വരെയാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ലിസ്റ്റിൽ നിന്നും നിയമനത്തിന് ആവശ്യപ്പെട്ടുകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് വേക്കൻസി അവസാനമായി റിപ്പോർട്ട് ചെയ്യപ്പെട്ടത് എന്നാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 935 പേരെ.

(സി) 4-2-2004-ൽ അവസാനിക്കും. എന്നാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31-3-2004 വരെ നീട്ടാനുള്ള സർക്കാർ ശുപാർശയുടെ അടിസ്ഥാനത്തിൽ ഹെൽപ്പർ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധിയും 31-3-2004-വരെ ദീർഘിപ്പിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ഡി) 1-12-2003-ൽ.

LIBRARY ARCHIVES Kerala Legislative Assembly